**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വൈദ്യുതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** 2024-25 വർഷത്തെ കേന്ദ്ര വിഹിതമായി നാളിതുവരെ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി എത്രയെന്നും ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചുവെന്നും അറിയിക്കുമോ;

**ഉത്തരം (എ)** 2024-25 വർഷം കേന്ദ്ര വിഹിതമായി ലഭിക്കേണ്ട വൈദ്യുതിയുടെ അവകാശപരമായ അളവ് പ്രതിദിനം 37.65 ദശലക്ഷം യൂണിറ്റാണ്. കഴിഞ്ഞ ഏപ്രിൽ മുതൽ പ്രതിദിനം ലഭിച്ച ശരാശരി വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

| മാസം | പ്രതിദിന ശരാരശരി അളവ് (ദശലക്ഷം യൂണിറ്റ്) |
|---|---|
| ഏപ്രിൽ 2024 | 33.75 |
| മെയ് 2024 | 33.37 |
| ജൂൺ 2024 | 27.08 |
| ജൂലൈ 2024 | 27.11 |
| ഓഗസ്റ്റ് 2024 | 30.34 |
| സെപ്റ്റംബർ2024 | 31.08 |
| ഒക്ടോബർ2024 | 34.3 |
| നവംബർ2024 | 32.51 |
| ഡിസംബർ2024 | 31.23 |
| ജനുവരി 2025 | 32.27 |

ജനറേറ്ററുകളുടെ ആസൂത്രിത അറ്റകുറ്റപ്പണികളും അപ്രതീക്ഷിതമായി വരുന്ന അറ്റകുറ്റപ്പണികളും മൂലമാണ് വൈദ്യുതി ലഭ്യതയിൽ കുറവ് വരുന്നത്.

2024-25ൽ കേന്ദ്ര വിഹിതമായി അനുവദിച്ചത് ശരാശരി 1779 മെഗാവാട്ട് വൈദ്യുതി ആണ്. നിലയങ്ങളിലെ അറ്റകുറ്റപണികൾ മറ്റു സാങ്കേതിക തടസങ്ങൾ മുതലായവ മൂലം നിലവിൽ ശരാശരി ഏകദേശം 1367 മെഗാ വാട്ട് വൈദ്യുതി ലഭ്യമാവുന്നുണ്ട്

**ചോദ്യം (ബി)** മുൻ വർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതത്തിൽ വന്ന വർദ്ധനവ്/കുറവ് സംബന്ധിച്ച് വിശദമാക്കുമോ;

**ഉത്തരം (ബി)** മുൻ വർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതത്തിൽ കുറവൊന്നും വന്നിട്ടില്ല. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി എൻടിപിസിയുടെ BARH ഒന്നും രണ്ടും സ്റ്റേഷനുകളിൽ നിന്നുള്ള വൈദ്യുതി അധിക വിഹിതമായി 177 മെഗാവാട്ട് ഒക്ടോബർ ഒന്നു മുതൽ മാർച്ച് 31 വരെ കേന്ദ്ര ഗവൺമെന്റ് അധികാരപ്പെടുത്തി തന്നിട്ടുണ്ട്. ഈ

<table>
<tr>
<td></td>
<td></td>
<td></td>
<td>
വൈദ്യുതി സെപ്റ്റംബർ വരെ ലഭിക്കാനുള്ള നടപടികൾ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്

മുൻവർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം unallocated വിഭാഗത്തിൽ ലഭിച്ച അധിക വൈദ്യുതി വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>നിലയം</th><th>വൈദ്യുതി ലഭിച്ച / ലഭ്യമാവുന്ന കാലാവധി</th><th>വിഹിതം മെഗാ വാട്ടിൽ</th></tr>
<tr><td>1.</td><td>NTPC Telengana STPP</td><td>2024 April 16 – 2024 May 31</td><td>180</td></tr>
<tr><td>2.</td><td>NTPC BARH</td><td>2024 October 1 – 2025 June 30</td><td>177</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വൈദ്യുതി ഉത്പാദന നിലവാരം വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>
നിലവിൽ സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി 4347.8 മെഗാവാട്ടാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 31.12.2024 തീയതി വരെ 5921.0106 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനം ജനുവരി മാസത്തിൽ പ്രതിദിനം 16.68 ദശലക്ഷം യൂണിറ്റ് ആയിരുന്നു. തരംതിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

<table>
<tr><th colspan="2">ജനുവരി മാസത്തെ പ്രതിദിന ഉത്പാദനം ( ദശലക്ഷം യൂണിറ്റ് )</th></tr>
<tr><th>സ്രോതസ്സ്</th><th>ഉത്പാദനം</th></tr>
<tr><td>ജലവൈദ്യുത നിലയം</td><td>14.7346</td></tr>
<tr><td>തെർമൽ</td><td>0.2069</td></tr>
<tr><td>സൗരോർജം</td><td>0.3022</td></tr>
<tr><td>കാറ്റ്</td><td>1.433</td></tr>
<tr><td>ആകെ</td><td>16.6767</td></tr>
</table>

ഫെബ്രുവരി മാസത്തെ ആസൂത്രിത പ്രതിദിന ഉത്പാദനം 18.20 ദശലക്ഷം യൂണിറ്റ് ആകുന്നു.
</td>
</tr>
<tr>
<td>(ഡി)</td>
<td>പുതിയ വൈദ്യുതി നിരക്ക് വർദ്ധനവിന്റെ ഫലമായി ബോർഡിന്റെ വരുമാനത്തിൽ ഉണ്ടായിരിക്കുന്ന വർദ്ധനവ് സംബന്ധിച്ച് വിശദമാക്കുമോ?</td>
<td>(ഡി)</td>
<td>
നിരക്ക് വർദ്ധനവ് പ്രാബല്യത്തിൽ വന്നത് 2024, ഡിസംബർ മാസം മുതലായതിനാൽ സാമ്പത്തിക വർഷത്തിന്റെ 3–ാം പാദത്തിൽ മാത്രമേ അത് പ്രതിഫലിക്കുകയുള്ളൂ എന്നതിനാൽ വർദ്ധന മൂലമുള്ള അധിക വരുമാനം എത്രയാണെന്ന് അതിനുശേഷമേ അറിയുവാൻ സാധിക്കൂ എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 5.12.2024 -ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക്
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജിൽ 2024-25-ൽ 2.39% വർദ്ധനവും, 2025-26-ൽ 1.75% വർദ്ധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല.<br><br>സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 5.12.2024 -ലെ ഉത്തരവ് പ്രകാരം 2024-25 - ലേക്കുള്ള താരിഫ് പരിഷ്കരണം മൂലം 455.83 കോടി രൂപയുടെ (Full Year basis) അധികവരുമാനവും, 2025-26 - ലേക്കുള്ള താരിഫ് പരിഷ്കരണം മൂലം 357.28 കോടി രൂപയുടെ (Full Year basis) അധികവരുമാനവും ഉണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്.<br><br>2024-25 താരിഫ് പരിഷ്കരണത്തിന് 5.12.2024 മുതൽ മാത്രം പ്രാബല്യം നൽകിയിട്ടുള്ളതിനാൽ ഏകദേശം 146 കോടി രൂപയുടെ അധിക വരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. കൃത്യമായ കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ